# <u>Spring of water</u>

*<u>(നീരുറവ -  വെളി:21:6)</u>*




സുവിശേഷവേലയോടുള്ള ബന്ധത്തിൽ സഞ്ചരിക്കവേ നാല് സഹോദരിമാർ ഒരു വനത്തിൽ അകപ്പെട്ടു. യാത്രതുടരുന്നതിന് ആവശ്യമായ നിർദ്ദേശം ലഭിക്കുന്നതിനായി അവർ അടുത്തുള്ള വനപാലകരുടെ ഓഫീസിൽ എത്തി. എന്നാൽ ഈ ഉദ്യോഗസ്ഥർ ദുഷ്ടലാക്കോടെ അവരുടെ വഴിതെറ്റിച്ച് കൊടുംകാട്ടിലാക്കി. അവിടെ അകപ്പെട്ട സഹോദരിമാർ രാത്രി ആയപ്പോൾ മുട്ടുകുത്തി കൈകോർത്തുപിടിച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി. ഈ കാഴ്ച കണ്ട വനപാലകർ ആയുധധാരികളായ നാല് വെള്ളവസ്ത്രധാരികളെ കാണുകയുണ്ടായി. അവർ അതിശക്തൻമാർ എന്ന് മനസ്സിലാക്കിയ വനപാലകർ തങ്ങളുടെ ദൗത്യം ഉപേക്ഷിച്ച് മടങ്ങി. നേരം പുലർന്നപ്പോൾ വീണ്ടും വനപാലകരുടെ അടുത്ത് വഴിതെറ്റി എന്ന് പറഞ്ഞെത്തിയ സഹോദരിമാരോട് അവരോടൊപ്പമുള്ള ആയുധധാരികളെപ്പറ്റി അന്വേഷിച്ചു. കാര്യംഗ്രഹിച്ച ഈ സഹോദരിമാർ തങ്ങൾക്കു ലഭിച്ച സംരക്ഷണം നല്കിയ വ്യക്തി ആരെന്ന് പാപചിന്തകളുള്ള അവരോട് വിശദീകരിച്ചു. ദൈവാത്മാവുള്ള സഹോദരിമാർ പരിചയപ്പെടുത്തിയ വ്യക്തിയെപ്പറ്റി സന്തോഷത്തോടെ കേട്ടവരിൽ രൂപാന്തരം ഉണ്ടാകുകയും അവർ നിത്യനായ ദൈവമാകുന്ന നീരുറവയിൽ നിന്ന് കുടിക്കുവാൻ തയ്യാറാകുകയും ചെയ്തപ്പോൾ അവരുടെ ഉള്ളിലെ മലിനതകൾ മാറി. അന്നുമുതൽ വഴിതെറ്റിയവർക്ക് വഴികാട്ടിക്കൊടുത്ത് അവരെ ഫലമുള്ളവരാക്കി മാറ്റുന്ന ജോലിക്കാരായി വനപാലകർ മാറി.

ഈ ഉറവയിങ്കലെത്തി കോരി എടുക്കുക എന്നത് ഒരു പാപിയുടെ ചുമതലയാണ്. പക്ഷേ പാപിയായവന് ആ വഴി നിശ്ചയമില്ലാത്തതിനാൽ ആ നീരുറവയിങ്കലേക്ക് എത്തിക്കു

വാൻ ചുമതലപ്പെട്ടവർ ഈ സഹോദരിമാരെപ്പോലെ സത്യസന്ധമായി അത് ചെയ്യണം. ഉറവ നമുക്കായി തുറക്കുവാൻ അധികാരമുള്ളവൻ സർവ്വശക്തനായ ദൈവമാണ്. മരണാസന്നനായാലും, തളർന്ന് തകർന്നുപോയവനായാലും ആ ജീവനീർ കോരിക്കൊടുത്താൽ ശക്തിപ്പെടുന്നു. ഉല്പ:(21:19)ൽ ഹാഗാറിനെ ഏല്പിച്ച ചുമതല ശ്രദ്ധിക്കുക. യഹോവ അവളുടെ കണ്ണ് തുറന്നപ്പോഴാണ് അവൾ ആ നീരുറവ കണ്ടത്. മകനെ താങ്ങി ഇരുത്തിയശേഷം ആ നീരുറവയിൽ നിന്ന് കോരിക്കൊടുക്കുവാനാണ് ദൈവം ആവശ്യപ്പെട്ടത്. പാപമരണത്തിലകപ്പെട്ടവർക്ക് , തനിയെ കോരിക്കുടിക്കുവാൻ കഴിയാത്തവർക്ക് , ഇത് കണ്ടിട്ടില്ലാത്തവർക്ക് ഈ ഉറവയിൽ നിന്ന് കോരിക്കൊടുക്കുവാൻ നിങ്ങൾ തയ്യാറാണോ? കർത്താവ് വരുവാൻ സമയമായതിനാൽ രക്ഷയുടെ ദൂതടങ്ങിയ ഈ ഉറവയിങ്കലേക്ക് (ദൈവവചനം) ബിംബാരാധികൾ, ദുഷ്ക്കർമ്മികൾ, ദുർന്നടപ്പുകാർ, കുലപാതകികൾ ഇവരെ എത്തിക്കേണ്ടത് ദൈവമക്കളുടെ ചുമതലയാണ്. ചെയ്യുന്ന പ്രവർത്തിക്ക് പ്രതിഫലം തരുന്നവനാണ് വേഗം വരുന്ന മഹാദാതാവായ ദൈവം.

## ***ജീവനീരുറവയുടെ പ്രത്യേകതകൾ***

### ***1. നിറവ്***

സങ്കീ(72:19) ൽ 'ഭൂമി മുഴുവനും അവന്റെ മഹത്വംകൊണ്ട് നിറയുമാറാകട്ടെ' എന്ന് കാണുന്നു. ഒരു വാട്ടർടാങ്കിൽ വെള്ളം നിറച്ചാൽ അത് തീർന്നു പോകും . വീണ്ടും നാം അത് നിറച്ചാൽ മാത്രമേ അത് നിറയുകയുള്ളൂ. ജീവനീരുറവയിലെ വെള്ളം നിറയുക മാത്രമല്ല ഒഴുകികൊണ്ടേയിരിക്കുന്നു. സങ്കീ:36:9ൽ നിന്റെ പക്കൽ ജീവന്റെ ഉറവയുണ്ടല്ലോ എന്ന് കാണുന്നു. ഈ ഉറവയുടെ ഉത്ഭവം ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നുമാണ്. (വെളി:22:1). ഇത് സൗജന്യമാകയാൽ ദാഹിക്കുന്നവൻ വരട്ടെ എന്ന വിളി വെളി:(22:17)ൽ കാണുന്നു. സാർവ്വത്രികമായി ഈ വിളികേട്ടവർ വേഗം എത്തുക. കേട്ടിട്ടും കേൾക്കാതെ നടക്കുന്നവൻ ശിക്ഷിക്കപ്പെടുമെന്ന് മറക്കരുത്. മഹാനായ ദൈവം ആൽഫയും ഒമേഗയുമാണ്.

“ie: First and last letters in Greek) ആകയാൽ അവന്റെ നിറവിൽ നിന്ന് നമുക്ക് കോരി എടുക്കാം. ഒരിക്കലും വറ്റാത്തതാണ് ഈ നീരുറവ.

### 2. ***ഭൂമിയെ ഫലഭൂയിഷ്ഠമാക്കുന്നു.***

ന്യായാ (1:15) ൽ തനിക്ക് ഒരനുഗ്രഹം തരേണമേ എന്ന അക്സയുടെ യാചനയുടെ ശബ്ദം കേട്ട പിതാവ് കാലേബ് ഒന്നിനു പകരം രണ്ട് ഉറവ അവൾക്ക് നൽകി. തെക്കേദേശം വരൾച്ചയുടെ നാടാണ്. ഫലമില്ലാത്ത, ഉപയോഗശൂന്യമായ ഭൂമിയെ നനയ്ക്കുവാൻ ഒരു നീരുറവയാണ് അവൾ ചോദിച്ചത്. ഉപയോഗശൂന്യമായ ജീവിതത്തെ ഉപയോഗപ്രദമാക്കണമെങ്കിൽ നീരുറവ ഒഴുകിയേ മതിയാകുകയുള്ളൂ. ഏദനെ ഫലമുള്ളതാക്കുവാൻ ഒരു നദി ഏദനിൽ നിന്ന് പുറപ്പെട്ട് 4 ശാഖയായി ഒഴുകി. നാം ഉപയോഗമുള്ളവരാകണമെങ്കിൽ ആ നീരൊ

ഴുക്ക് നമ്മിലേക്ക് ഒഴുകി എത്തണം. ആ അനുഗ്രഹം ചോദിച്ചു വാങ്ങുവാൻ ഈ വർഷാവസാനം തന്നെ തീരുമാനിക്കുക.

3. ***തിന്മയെ നന്മയാക്കുന്ന നീരുറവ***

ശത്രു നമുക്കായി കൊണ്ടു വരുന്ന തിന്മകളെ സർവ്വശക്തൻ നന്മയാക്കി മാറ്റുന്നു.ഒരിക്കൽ കമ്മീഷണറായ സാമുവേൽ ബ്രിംഗൽസിന്റെ തലയിൽ ഒരു ഇഷ്ടികകഷണം വീണ് പരിക്കേറ്റു. ദൈവത്തിന്റെ മകനെ 18 മാസം കിടക്കയിലാക്കുവാൻ സാത്താനു കഴിഞ്ഞു. ശത്രു അദ്ദേഹത്തിന്റെ ജീവിതത്തെ വരൾച്ചയിലാക്കുവാൻ ശ്രമിച്ചപ്പോൾ ദൈവം അതിനെ പ്രയോജനമുള്ളതാക്കി മാറ്റി. "വിശുദ്ധിയിലേക്കുള്ള സഹായം" എന്ന പുസ്തകം പല ഭാഷകളിലെഴുതി അതിന് വലിയ പ്രചാരവും നൽകി. അദ്ദേഹത്തെ ദൈവം മാനിച്ചു. അതായത് ശത്രു ഒരുക്കിയ തിന്മയെ ദൈവം നന്മയാക്കി മാറ്റുക മാത്രമല്ല ദൈവീക നീരൊഴുക്ക് നമ്മിൽ നിന്ന് അനേകർക്ക് പ്രയോജനമായി ഒഴുക്കുകയും ചെയ്യുന്നു. ഇതാണ് ദൈവസ്നേഹം.

4. ***ക്ഷീണം മാറ്റുന്നു.***

നിറഞ്ഞൊഴുകുന്ന നീരുറവ അത് കടന്നുപോകുന്ന ദേശത്ത് കഠിനാദ്ധ്വാനം മൂലം ക്ഷീണിക്കുന്നവർക്ക് ക്ഷീണം മാറ്റുവാൻ സഹായിക്കുന്നു. കൂടെയുണ്ടെന്ന് പറഞ്ഞ ദൈവം അദ്ധ്വാനഭാരം കുറയ്ക്കുവാൻ തന്റെ സാന്നിദ്ധ്യത്താൽ സഹായിക്കുന്നു. മരുഭൂയാത്രയിലെ വെയിലിന്റെ ചൂട് ദൈവമക്കളെ തളർത്തുകയില്ല കാരണം നമ്മെ കരുതുന്ന കർത്താവ് ക്ഷീണംവരാതെ കാക്കുന്നു. നാം ആറ്ററികത്ത് നട്ടവയാണ്. മരുഭൂയാത്രക്കാരായ യിസ്രായേൽ മക്കൾ വെള്ളം ആഗ്രഹിച്ചപ്പോൾ ലഭിച്ച നീരുറവ ഏറ്റവും മധുരതരമാണ്.

Read 1 കൊരി :10:4-6

ക്രിസ്തുവാകുന്ന പാറയിൽ നിന്ന് കുടിക്കുന്നവർ ദുർമോഹികളായാൽ ഈ നീരുറവയുടെ ഗുണം നമുക്ക് ലഭിക്കുന്നില്ല. ക്രിസ്തു അങ്ങനെയുള്ളവരെ തള്ളിക്കളയും .

5. ***മലിനതകൾ നിർമാർജ്ജനം ചെയ്യുന്നു.***

മലിനതകൾ നിറഞ്ഞ ലോകത്തിൽ ജീവിക്കുന്ന നാം ഈ നീരൊഴുക്ക് ആഗ്രഹിക്കണം. ശക്തമായ ആഗ്രഹമുള്ളിടത്തേക്കാണ് ഈ ദൈവീക നീരുറവ ഒഴുകി എത്തുന്നത്. കൃപയാൽ ലഭിക്കുന്ന നീരൊഴുക്ക് എല്ലാ മലിനതകളേയും നീക്കുന്നു. Read തീത്തോ:(3:3-5).

പ്രീയകുഞ്ഞുങ്ങളേ ! തന്റെ മക്കൾക്കായി ദൈവം തുറക്കുന്ന ഉറവ ഒരിക്കലും വരൾച്ച അറിയുന്നതല്ല. ഈ ഉറവയിങ്കലെത്താൻ എന്തു ചെയ്യണം. സദൃ(14:22)പറയുന്നു "യഹോവ ഭക്തി ജീവന്റെ ഉറവാകുന്നു" എന്ന്. ഈ ഉറവയിൽ നിന്ന് പാനം ചെയ്യുവാൻ നിങ്ങൾ തയ്യാറാണോ? നല്ല തീരുമാനത്തോടെ പുതുവർഷത്തെ വരവേൽക്കുവാൻ ദൈവം കൃപചെയ്യട്ടെ.

ശാന്തമ്മ വർഗ്ഗീസ്
**Santhamma Varghese**
biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg